## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.573** **03.03.2020 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സോളാർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. കൃഷ്ണൻ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ സോളാർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | പുരപ്പുറ സോളാർ പദ്ധതിയിലേയ്ക്ക് ആകെ 2,78,264 ഉപഭോക്താക്കളാണ് അപേക്ഷനല്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി.യുടെ സോളാർ കോർഡിനേറ്റർമാർ ഉപഭോക്താക്കളുടെ സ്ഥലങ്ങൾ സന്ദർശിച്ച് നടത്തിയ പ്രഥമിക സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42,489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങളിലൂടെ സൗരോർജ്ജ പദ്ധതിയുടെ ആദ്യഘട്ടമായ **46.5** മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടി പൂർത്തിയായി വരുന്നു. |
| (ബി) | നിലവിൽ എത്ര പേരാണ് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; അതിൽ എത്ര പേരെയാണ് തെരഞ്ഞെടുത്തത്; | (ബി) | 2,78,264 പേർ അപേക്ഷ നൽകിയതിൽ 42,489 ഉപഭോക്താക്കളെ തെരെഞ്ഞെടുത്തു. |
| (സി) | പ്രസ്തുത പദ്ധതിയിൽ കൂടി ഈ വർഷം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | ഈ വർഷം ആദ്യഘട്ട ടെണ്ടറിലൂടെ **46.5** മെഗാവാട്ടും, സബ്സിഡി പദ്ധതിയിലൂടെ 50 മെഗാവാട്ടും, റീടെണ്ടറിംഗിലൂടെ 60 മെഗാവാട്ടും, വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**